## ക ത്ത ു ക ൾ


# വിദ്യാഭ്യാസമന്ത്രി നിലപാട് വ്യക്തമാക്കണം

**മുൻ** യു.ഡി.എഫ് സർക്കാർ തത്ത്വദീക്ഷയില്ലാതെ വിദ്യാഭ്യാസ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുംവിധം പക്ഷപാതപരമായി വിദ്യാലയങ്ങൾ അനുവദിക്കുകയും അർഹരായ പലരെയും രാഷ്ട്രീയ കാരണങ്ങളാൽ അവഗണിക്കുകയും ചെയ്തു. ഇതിൽ പലർക്കുമുള്ള കടുത്ത പ്രതിഷേധം മുതലെടുത്തുകൊണ്ട് കൂടിയാണ് എൽ.ഡി.എഫ് അധികാരത്തിൽ വന്നത്. അനീതി പരിഹരിക്കുമെന്നും രാഷ്ട്രീയ കാരണങ്ങളാൽ അംഗീകാരം കിട്ടാതെ പോയ സേവന സ്വഭാവത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമെന്നും എൽ.ഡി.എഫ് പലപ്പോഴും പ്രതീക്ഷ നൽകിയിരുന്നു. അങ്ങനെ പൊതു വിദ്യാഭ്യാസ വകുപ്പ് 2007 ജൂണിൽ 107-ാം നമ്പർ ഗസറ്റ് വിജ്ഞാപനമിറക്കി. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന മലബാറിലെ ആറ് ജില്ലകളിലെ ന്യൂനപക്ഷ സമുദായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുമെന്നായിരുന്നു ഉത്തരവിൽ വ്യക്തമാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ കുറേ സ്ഥാപനങ്ങൾ അംഗീകാരത്തിനായി അപേക്ഷിച്ചു. അപേക്ഷയിന്മേൽ ജില്ലാ വിദ്യാഭ്യാസ അധികൃതരും മറ്റും അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തു. സർക്കാർ ഇങ്ങനെ ഒരു ഉത്തരവിറക്കിയതിൽ ശാസ്ത്ര സാഹിത്യപരിഷത്ത്, കെ.എസ്.ടി.എ തുടങ്ങിയ വിഭാഗങ്ങൾ കടുത്ത എതിർപ്പ് ഉന്നയിച്ചിരുന്നു. മുസ്‌ലിം വിരോധം സ്ഥിരം പരിപാടിയാക്കിയ ഫാഷിസ്റ്റ് വിഭാഗങ്ങളും ഇവരെ പിന്തുണച്ചു.

ഇടക്ക് ഒരു വിഭാഗത്തിന് പതിനാറ് സ്‌കൂളുകൾ അനുവദിക്കുകയുണ്ടായി (2008 മാർച്ച് 28ന് ഇറക്കിയ N.S. 1/19510/2008/D.P.I). പിന്നീട് ഈ നടപടി വിവേചനപരമാണെന്ന് പറഞ്ഞ് ഹൈക്കോടതി റദ്ദാക്കി. അതിനുശേഷം സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 107-ാം നമ്പർ വിജ്ഞാപനമിറക്കിയിട്ട് ഒന്നര വർഷം കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷിച്ച സ്ഥാപനങ്ങൾക്ക് കൃത്യമായി ഒരു മറുപടി നൽകാതെ വെച്ചുതാമസിപ്പിക്കൽ തന്ത്രത്തിലൂടെ പിന്നാക്ക ന്യൂനപക്ഷ സ്ഥാപനങ്ങളെ നശിപ്പിക്കുന്ന തെറ്റായ നയമാണ് സർക്കാർ തുടരുന്നത്. വിദ്യാഭ്യാസ വകുപ്പിൽ ചില കുബുദ്ധികൾ പിടിമുറുക്കി വിക്രിയകൾ നടത്തുന്നുണ്ടെന്ന് കടുത്ത ആക്ഷേപം പലർക്കുമുണ്ട്. അതിനെ സാധൂകരിക്കുംവിധത്തിലാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള ദുരനുഭവങ്ങൾ. സർക്കാർ വിജ്ഞാപനമനുസരിച്ച് അംഗീകാരത്തിനായിട്ട് അപേക്ഷിച്ചവർ അന്വേഷണത്തിന് ചെല്ലുമ്പോൾ മേൽപറഞ്ഞ ലോബി വളരെ മോശമായും രൂക്ഷമായും പെരുമാറുന്നുവെന്ന സങ്കടവും ചിലർക്കുണ്ട്. ഏത് മുന്നണി ഭരിക്കുമ്പോഴും കുറെക്കാലമായി ഈ വിഭാഗത്തിന്റെ വിക്രിയകൾ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ തുടരുന്നുണ്ട് (അലീഗഢ് ഓഫ് കാമ്പസിന്റെ കാര്യത്തിലും ഈ ന്യൂനപക്ഷ വിരുദ്ധ ലോബിയുടെ കുതന്ത്രം നടക്കാനിടയുണ്ട്).

കഴിഞ്ഞ സർക്കാറിന്റെ കാലത്ത് അംഗീകാരം നിഷേധിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമെന്ന വാഗ്ദത്തം ഇടതുമുന്നണി ഇതേവരെ പാലിച്ചിട്ടില്ല. അംഗീകാരം നൽകില്ലെങ്കിൽ അക്കാര്യം തുറന്നു പറയാനുള്ള മാന്യതയെങ്കിലും കാണിക്കണം. പുതിയ അധ്യയന വർഷം തുടങ്ങാൻ പോവുകയാണ്. സ്ഥാപനങ്ങൾക്ക് മറ്റെന്തെങ്കിലും വഴി ആരായാനെങ്കിലും സാധിക്കേണ്ടതുണ്ട്. അവ്യക്തതയിലും അനിശ്ചിതത്വത്തിലും കുടുക്കിയിട്ട് വെച്ചുതാമസിപ്പിക്കൽ കുതന്ത്രത്തിലൂടെ ദ്രോഹിക്കുന്നത് ശരിയല്ല. സർക്കാർ വിജ്ഞാപനമനുസരിച്ച് സമർപ്പിച്ച അപേക്ഷകളിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മന്ത്രി ഇക്കാര്യത്തിൽ തന്റെ നിലപാട് വ്യക്തമാക്കണം.

മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ




## 'അജണ്ട തെറ്റിക്കൽ' കരുതിയിരിക്കുക

**"ഇറങ്ങി** വരൂ... ഞങ്ങളുടെ തറയിലേക്ക്... എല്ലാ മതസംഘടനകളും ഞങ്ങളുമായി ഗുസ്തി പിടിക്കുമ്പോൾ നിങ്ങൾക്ക് മാത്രമെന്ത് ഒരു ഔന്നത്യം?" ഇതാണ് ആദ്യകാലം മുതലേ ഒരു സംഘടന ഇസ്‌ലാമിക പ്രസ്ഥാനത്തോട് ചോദിച്ചുകൊണ്ടിരിക്കുന്നത്. ഇതാവട്ടെ ചരിത്രത്തിലുടനീളം പ്രവാചകന്മാർ നേരിട്ട 'അജണ്ട തെറ്റിക്കലി'ന്റെ ഭാഗമാണ്. പ്രവാചകൻ മൂസാ ലോകരക്ഷിതാവിനെ പരിചയപ്പെടുത്തി ഫിർഔന്റെ കൊട്ടാരത്തിൽ പ്രഭാഷണം നടത്തുമ്പോൾ ഫിർഔൻ ഇടക്ക് കയറി ഇങ്ങനെ ചോദിക്കുന്നുണ്ട്: "എങ്കിൽ പൂർവ നൂറ്റാണ്ടുകാരുടെ സ്ഥിതിയെന്ത്?' ആ തർക്കത്തിന്റെ മുമ്പിൽനിന്ന് സമർഥമായി തെന്നിമാറുന്ന മൂസായുടെ മറുപടി ശ്രദ്ധിക്കുക: "അവരെ സംബന്ധിച്ച സൂക്ഷ്മജ്ഞാനം എന്റെ രക്ഷിതാവിങ്കലാണുള്ളത്. എല്ലാം ഒരു ഗ്രന്ഥത്തിലുണ്ട്. എന്റെ രക്ഷിതാവിന് പിഴക്കുകയോ മറവി സംഭവിക്കുകയോ ഇല്ല."

നോക്കൂ... ഫറവോൻ ചോദിച്ചത് ഇന്നത്തെ ഭാഷയിൽ 'ഖുനൂത്തി'നെയും 'കൈകെട്ടി'നെയും കുറിച്ചാണ്. മൂസായുടെ മറുപടിയാവട്ടെ വിസ്തരിച്ച ദഅ്‌വത്തും! ഫറവോന്റെ ചോദ്യത്തിലെ ത്രില്ല് മൂസായുടെ മറുപടിയിലില്ലായെന്നത് ശരിയാണ്. പക്ഷേ എന്തു ചെയ്യാം... നാം കൽപിക്കപ്പെട്ടത് മറ്റുള്ളവരെ പരിഹസിക്കാനും രസിപ്പിച്ച് ചിരിക്കാനുമല്ലല്ലോ... കൊച്ചു കാര്യങ്ങൾക്കുപോലും ദ്വന്ദയുദ്ധം നടത്തിയിരുന്ന പ്രാകൃത അറബികളെ 'ഉഖ്‌രിജത് ലിന്നാസ്' (മനുഷ്യർക്ക് വേണ്ടി പണിയെടുപ്പിക്കുക) എന്ന വിതാനത്തിലേക്കുയർത്തുകയായിരുന്നുവല്ലോ ഇസ്‌ലാം. അതിനു വേണ്ടി സ്വന്തം അനുയായികളെ മെരുക്കിയെടുക്കാൻ (തർബിയത്ത്) ചില്ലറ കഷ്ടപ്പാടൊന്നുമല്ല നബി(സ) അനുഭവിച്ചത് (മൗലാനാ മൗദൂദി തന്റെ *ജിഹാദിൽ* ഇക്കാര്യം നന്നായി നിരൂപിക്കുന്നുണ്ട്).

അതിനാൽ അലി ശരീഅത്തി ആര്? പോലുള്ള ഇമ്മ്ണി ബല്യ ചോദ്യങ്ങൾ നാം ഉയർത്താതിരിക്കുക. പുസ്തകങ്ങളിൽനിന്ന് ഇളക്കിയെടുക്കുന്ന ഉദ്ധരണികൾക്ക് അതേ പുസ്തകങ്ങളിൽതന്നെ മറുപടിയുണ്ടെന്ന വസ്തുത ശാന്തമായി അവരെ ഉണർത്തുക. അറിയുക... നമ്മുടെ സമയം നല്ല കാര്യത്തിനല്ല, ഏറ്റവും നല്ല കാര്യത്തിനുവേണ്ടിതന്നെ ചെലവഴിക്കേണ്ടതുണ്ട്.

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**

സ്ഥാപിച്ച് നടത്താനുള്ള അവകാശം ഭരണഘടനാദത്തമാണ്. സുപ്രീംകോടതി ഇക്കാര്യം പലതവണ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇങ്ങനെ സ്ഥാപിതമാകുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകി പ്രവർത്തന സൗകര്യം നൽകുമ്പോഴേ ഭരണഘടന നൽകിയ സ്വാതന്ത്ര്യം സാർഥകമാവുകയുള്ളൂവെന്ന് ദേശീയ ന്യൂനപക്ഷ കമീഷന്റെ അധ്യക്ഷൻ ജസ്റ്റിസ് എം.എസ്.എ സിദ്ദീഖി കഴിഞ്ഞ വർഷം ജനുവരിയിൽ ഇറക്കിയ വിധി പ്രസ്താവത്തിലൂടെ വ്യക്തമാക്കിയിരുന്നു. ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുവെന്ന് കൊട്ടിഘോഷിക്കുകയും മറുഭാഗത്തുകൂടി അതിന് കടുത്ത വിഘ്നം സൃഷ്ടിക്കുകയുംചെയ്യുന്നത് ശരിയല്ല. ന്യൂനപക്ഷാവകാശം 'ഏട്ടിലെ പശു'വായി മാറുന്നത് സങ്കടകരമാണ്. കേന്ദ്ര മാനവവിഭവശേഷി വകുപ്പ് ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ പല നിലക്കും ഉദാരനയം സ്വീകരിക്കുമ്പോൾ സംസ്ഥാനം പ്രതികൂല നിലപാട് സ്വീകരിക്കുന്നത് ന്യൂനപക്ഷ ദ്രോഹമായി ഗണിക്കേണ്ടിവരും.

**പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി**

# 'വസ്ത്രധാരണത്തിന്റെ ഇസ്ലാമിക കാഴ്ചപ്പാടി'ൽനിന്ന് വായിച്ചെടുക്കാവുന്നത്

**കുറച്ചു** മുമ്പ് ഒരു അറബിക് കോളേജിൽ പോവാനിടയായി. അവിടത്തെ പ്രിൻസിപ്പലായ മൗലവി സഫാരി സൂട്ടിലാണ്.അതൊരു അശ്ലീലക്കാഴ്ചയായാണ് തോന്നിയത്. നിസ്കാരത്തഴമ്പും താടിയുമുള്ള മൗലവി. പക്ഷേ തികഞ്ഞ പാശ്ചാത്യ വേഷം. കേരളത്തിലെ പരമ്പരാഗത മുസ്ലിയാക്കന്മാരുടെ നീളക്കുപ്പായവും തലേക്കെട്ടും അപരിഷ്കൃതമാണെന്ന് അദ്ദേഹത്തിന് തോന്നിയെങ്കിൽ അത് ന്യായമാവാം. എങ്കിലും മലയാളിയുടെ വേഷമായ മുണ്ടും കുപ്പായവുമെങ്കിലും അദ്ദേഹം ധരിച്ചിരുന്നെങ്കിൽ! പക്ഷേ പടിഞ്ഞാറിനെ എത്തിപ്പിടിക്കാനുള്ള ഏതോ വെമ്പലിൽ ആ മൗലവി 'സായിപ്പിന്റെ വേഷ'മണിയുന്നതിലാണ് സന്തോഷം കണ്ടെത്തിയത്. കാഴ്ചയിൽ ഒന്നാന്തരം സായിപ്പ്. എന്നാൽ പാശ്ചാത്യ സംസ്കാരത്തിന്റെ വേറെ യാതൊരു മുദ്രയും അദ്ദേഹത്തിൽ ഇല്ലായിരുന്നു. ഇംഗ്ലീഷ് ഒറ്റവാചകം പോലും പറയുകയില്ല. പടിഞ്ഞാറൻ മര്യാദകളൊന്നുമറിയില്ല. ചുരുക്കത്തിൽ, പാശ്ചാത്യ വേഷത്തിലൊരു നാടൻ കാക്ക! ഈ വൈരുധ്യം മൂലമാണ് അദ്ദേഹമൊരു അശ്ലീലക്കാഴ്ചയായത്.

അദ്ദേഹത്തിന്റെ വേഷം ഒരു കയ്പായി മനസ്സിലവശേഷിച്ചു. *പ്രബോധന*ത്തിൽ (2009 ജനുവരി 17) വന്ന 'വസ്ത്രധാരണത്തിന്റെ ഇസ്ലാമിക കാഴ്ചപ്പാട്' എന്ന ഈജിപ്തിലെ ഫത്വാ സമിതിയുടെ ഫത്വ വായിച്ചപ്പോഴാണ് ഈ കയ്പിനെച്ചൊല്ലിയുള്ള ആത്മനിന്ദ എന്നെ വിട്ടുപോയത്. അന്ന് മൗലവിയെപ്പറ്റി തോന്നിയതിൽ കുഴപ്പമൊന്നുമില്ല. മാത്രമല്ല എന്റെ തോന്നലിന് ഇസ്ലാമിക കാഴ്ചപ്പാടിനോട് പൊരുത്തമുണ്ട് താനും. അതായത്, മൗലവിയുടെ വേഷം ഇസ്ലാമിക വീക്ഷണമനുസരിച്ചും അശ്ലീലക്കാഴ്ചതന്നെ. അതുകൊണ്ടാണ് വൈകിയാണെങ്കിലും ഈ കുറിപ്പ് എഴുതുന്നത്.

'ശർഇന്റെ പൊതു തത്ത്വത്തോട് വിരുദ്ധമാകാത്ത തദ്ദേശവാസികളുടെ വസ്ത്ര സമ്പ്രദായരീതിയിൽ നിന്ന് വേറിട്ടു നിൽക്കുന്നത് ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം ശരിയായ നടപടിയല്ല എന്ന് വ്യക്തമാവുന്നു' എന്ന് ഫത്വയിലുണ്ട്. അതായത്, ഒരു മലയാളിക്ക് നല്ലത് മലയാളിയുടെ വസ്ത്രധാരണ സമ്പ്രദായമാണ്. മുണ്ടും കുപ്പായവുമാണ് കേരളീയ വേഷം എന്ന കാര്യത്തിൽ സംശയമില്ല. കുറേക്കൂടി പിന്നോട്ട് സഞ്ചരിച്ച് ഒറ്റമുണ്ടും കോണകവുമാക്കണം എന്ന് പറഞ്ഞേക്കാം കുസൃതിക്കാരായ ആരെങ്കിലും. ഇപ്പോൾ പൊതുവസ്ത്രധാരണത്തിൽ പാന്റ്സിന് ഇടംകിട്ടിയതിനാൽ പാന്റ്സല്ലേ ധരിക്കേണ്ടത് എന്ന മറുചോദ്യവുമുയരാം. എങ്കിലും മലയാളിയുടെ വസ്ത്രം മുണ്ട് തന്നെയാണെന്ന കാര്യത്തിൽ തർക്കത്തിനൊന്നും വകയില്ല. അതിനാൽ മുണ്ടുടുക്കുന്നതാണ് പാന്റ്സിടുന്നതിനേക്കാളും ഇസ്ലാമികം എന്ന അറിവ്, പതിവായി മുണ്ടുടുക്കുന്ന എന്നെ സന്തോഷിപ്പിച്ചു. ഒപ്പം സഫാരി സൂട്ടണിഞ്ഞ മൗലവിക്ക് ഈ ഇസ്ലാമിക തിരിച്ചറിവ് ഉണ്ടായില്ലല്ലോ എന്നതിൽ സങ്കടവും തോന്നി.

എന്നാൽ, കേവലമായ ഈ സന്തോഷസന്താപങ്ങൾക്കപ്പുറത്തേക്ക് വ്യാപിച്ചു നിൽക്കുന്ന വിവക്ഷകൾ പലതും ഈ ഫത്വക്ക് ഇല്ലേ? ഓരോ ദേശത്തിന്റെയും വംശത്തിന്റെയും സംസ്കൃതിയുടെയും തനിമയും വ്യക്തിത്വവും സ്വഭാവശീലങ്ങളും അംഗീകരിക്കുകയും അവക്കെല്ലാം ഒന്നിച്ച് പുലരാൻ അനുമതി നൽകുകയും ചെയ്യുന്ന വിശാലമായ ഇടം ഇസ്ലാമിനുണ്ടെന്നാണ് ഈ മതവിധി ബോധ്യപ്പെടുത്തുന്നത്. പ്രാദേശികമായ ഇസ്ലാം എന്ന സങ്കൽപത്തെ അതു മുന്നോട്ടുവെക്കുന്നു. ഇസ്ലാമിനെ അറബ് മതമോ സെമിറ്റിക് മതമോ ആയി പരിമിതപ്പെടുത്താനുള്ള ശ്രമത്തെയാണ് ഈ ഫത്വയുടെ സന്ദേശം നിരർഥകമാക്കുന്നത്. നേരുപറഞ്ഞാൽ ഇസ്ലാം അനറബ് സമൂഹത്തിലേക്ക് കടന്നുചെന്നപ്പോൾ, അതത് ദേശത്തിന്റെയും സമൂഹങ്ങളുടെയും വ്യക്തിത്വവിശേഷങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ടാണ് സ്വന്തം സ്വത്വം രൂപപ്പെടുത്തിയത്. പേർഷ്യ, ഇന്തോനേഷ്യ തുടങ്ങിയ പ്രദേശങ്ങളിലെ ഇസ്ലാമിക സമൂഹങ്ങളുടെ സ്വഭാവ രൂപീകരണത്തെ അവരുടെ 'എത്ത്നിസിറ്റി' വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഈജിപ്തിലെ ഫത്വാ സമിതിയുടെ ഫത്വ ഇസ്ലാംമതത്തിന്റെ ഈ പ്രാദേശിക വ്യക്തിത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്.

ഈ മതവിധിയുടെ പശ്ചാത്തലത്തിൽ ആലോചിക്കുമ്പോൾ നമ്മുടെ പല ധാരണകളും തെറ്റാവുകയില്ലേ? ഉദാഹരണത്തിന് നോമ്പ് തുറക്കുമ്പോൾ കാരക്ക കഴിക്കുന്നത് സുന്നത്താണെന്ന വിചാരം. കാരക്ക ഒരു അറേബ്യൻ ഉൽപന്നമാണ്. അറബിയുടെ ഭക്ഷണമാണത്. കാരക്കയില്ലാത്ത കേരളത്തിൽ അതിനാൽ തേങ്ങാപ്പൂളുകൊണ്ട് നോമ്പ് തുറക്കുന്നതായിരിക്കും സുന്നത്ത് എന്ന് കരുതുന്നതാണ് യുക്തി. ഈ വഴിക്ക് ചിന്തിച്ചാൽ വേഷത്തിൽ മാത്രമല്ല ശീലങ്ങളിലും ഭക്ഷണരീതികളിലും ആചാരങ്ങളിലും അനുഷ്ഠാന രൂപങ്ങളിലുമെല്ലാം പ്രാദേശികതയെ ഇസ്ലാം അംഗീകരിക്കുന്നു എന്നു കരുതേണ്ടിവരും. അറബിക്കും അനറബിക്കുമിടയിൽ വേർതിരിവില്ലാത്ത മതമെന്ന ഇസ്ലാമിന്റെ ആശയം അർഥവത്താവുന്നത്, അത് പ്രാദേശിക സംസ്കാരത്തിന്റെ സവിശേഷതകൾക്ക് ഇടം നൽകുന്നതോടെയാണ്. ഇങ്ങനെ ആലോചിക്കുമ്പോൾ പെരുന്നാൾ ഏകീകരിക്കാനുള്ള ശ്രമത്തിനും മറ്റും എന്തർഥം? മക്കയിൽ പെരുന്നാൾ ആഘോഷിക്കുമ്പോൾ ഇവിടെ നോമ്പ് നോൽക്കുകയോ എന്ന ചോദ്യം എത്ര അപ്രസക്തം! പല പെരുന്നാളുകൾ, പല നോമ്പുകൾ, പല വസ്ത്രധാരണ രീതികൾ, പല ആചാര വിശേഷങ്ങൾ- തീർച്ചയായും ഈ ഫത്വ ഉദ്ഘോഷിക്കുന്നത് ഇസ്ലാം എന്ന 'മഴവിൽ സമൂഹ'ത്തെയാണ്. ഉർഫ് എന്നതുകൊണ്ട് ഉദ്ദേശ്യത്തനിമയെയാവാം ഇസ്ലാം വിഭാവനം ചെയ്തിട്ടുണ്ടാവുക.

ഫത്വയുടെ പൊരുൾ മുഖവിലക്കെടുത്താൽ കേരളീയ സമൂഹത്തിൽ ഇന്ന് പ്രചരിച്ചുകൊണ്ടിരിക്കുന്ന പർദാ സമ്പ്രദായം ശരിയായ രീതിയല്ല. പർദ ഒരു കേരളീയ വസ്ത്രധാരണ രൂപമല്ല, പുറത്തുനിന്നുള്ള നിർമിതിയാണ്. അതേപോലെത്തന്നെയാണ് മുസ്ലിം വ്യക്തിത്വം പ്രകടമാക്കാൻ വേണ്ടിയുള്ളവ എന്നു കരുതാവുന്ന മറ്റു വസ്ത്രധാരണ രീതികളും. ഈ വസ്ത്രധാരണരീതികൾ വലിയൊരളവോളം മുസ്ലിംകളെ പൊതുസമൂഹത്തിൽനിന്ന് മാറ്റിനിർത്തുന്നു. ഇസ്ലാം അതത് ദേശത്തിന്റെ പൊതുധാരയിൽനിന്ന് ആളുകൾ മാറിനിൽക്കുന്നതിനെ അംഗീകരിക്കുന്നില്ല എന്നാണല്ലോ മേൽപറഞ്ഞ ഫത്വ നമ്മെ ബോധ്യപ്പെടുത്തുന്നത്. മുസ്ലിംകൾ എന്നത് ഒറ്റ സമൂഹമല്ല എന്നും, ഇസ്ലാം പല ദേശത്തനിമകളും പുലർത്തുന്ന വിവിധ സമൂഹങ്ങളുടെ വിശ്വാസപരമായ ഏകതയെ കോർത്തിണക്കുന്ന ചരട് മാത്രമാണെന്നും കരുതുകയാവും നല്ലത്.

'വസ്ത്രധാരണത്തിന്റെ ഇസ്ലാമിക കാഴ്ചപ്പാട്' എന്ന ഫത്വയുടെ വിവക്ഷകൾ ഇങ്ങനെയൊക്കെ വായിക്കാവുന്നതാണ്.

**എ.പി കുഞ്ഞാമു കോഴിക്കോട്**